**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അക്വാഷോ - 2014 കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗണ്ട് - ഷോ നടത്തുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 2970/2013/തസ്വഭവ** **തിരുവനന്തപുരം, തീയതി: 04/12/2013.**

പരാമർശം:- 1) സ. ഉ (സാധാ) 2994/2011/തസ്വഭവ തീയതി 16/12/2011.

2) മത്സ്യബന്ധനവും തുറമുഖവും വകുപ്പിന്റെ 08.10.2013 ലെ സ. ഉ. (സാധാ)നം. 81847/2013/എഫ് & പിഡി നമ്പർ ഉത്തരവ്.

3) ഫിഷറീസ് ഡയറക്ടറുടെ 7.11.2013 ലെ സി3/15229/13 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ലെ സർക്കാർ ഉത്തരവിൻപ്രകാരം '2014 ലെ അന്തർദ്ദേശീയ അക്വാഷോ' കൊച്ചിയിൽ വച്ച് നടത്തുന്നതിന് 85 ലക്ഷം രൂപാ ഗ്രാന്റോടുകൂടി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പരാമർശം 3 പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയുടെ സ്ഥലം അക്വാഷോ - 2014 നടത്തുന്നതിന് സൗജന്യമായി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിക്ക് വിട്ടു നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റിയുടെ കൊച്ചി മറൈൻഡ്രൈവ് ഗ്രൗണ്ടിലുള്ള ഭൂമി അക്വാഷോ - 2014 നടത്തുന്നതിനായി സൗജന്യമായി വിട്ടു കൊടുക്കുന്നതിന് പകരമായി 01.01.2014 മുതൽ 02.02.2014 വരെയുള്ള കാലയളവിൽ ടി പരിപാടിയ്ക്ക് പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കണം എന്ന നിബന്ധനയോടുകൂടി, വിശാല കൊച്ചി വികസന അതോറിറ്റിയുടെ മറൈൻ ഡ്രൈവ് മൈതാനത്തെ സ്ഥലം സെക്യൂരിറ്റി ഡെപ്പോസിറ്റ് മാത്രം സ്വീകരിച്ച് സൗജന്യമായി 2014 ലെ അന്തർദ്ദേശീയ അക്വാഷോ നടത്തുന്നതിന് സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിക്ക് (എഫ്.ഐ.ആർ.എം.എ) വിട്ടുകൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
എൻ വിശ്രുതൻ ആചാരി,
ഗവ: അണ്ടർ സെക്രട്ടറി.

1)സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി,
കടവന്ത്ര പി.ഒ. എറണാകുളം 682020.

2)മത്സ്യബന്ധന തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3) മത്സ്യബന്ധന തുറമുഖ വകുപ്പ് (12.11.2013 ലോ 15762/സി1/13 മറുവ നമ്പർ അനൗ. ക
പ്രകാരം

4)എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിഷറീസ്, റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (എഫ്.ഐ.ആർ.എം.എ) ശ്രീഹരി, റ്റി.സി. 28/2641, ചെട്ടികുളങ്ങര ക്ഷേത്രത്തിന്പിൻവശം, തിരുവനന്തപുരം.

5) ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

6) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.

7) ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പാങ്ങപ്പാറ പി.ഒ തിരുവനന്തപുരം.
( തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)

8) കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.